**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ഏത് വർഷം വരെയുള്ള ധനസഹായമാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | നടപ്പ് സാമ്പത്തിക വർഷം ആശ്വാസകിരണം പദ്ധതിക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ നിന്നും 15 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിരാലംബരായ രോഗികൾക്ക് കുടിശിക തുക വിതരണം ചെയ്യുവാൻ അടിയന്തരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം ആശ്വാസകിരണം പദ്ധതിക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ നിന്നും 15 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പുതിയ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 11.10.2012 ലെ (എം.എസ്) 60/2012 നമ്പർ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ 100% അന്ധത എന്നിവയ്ക്ക് പുറമെ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | അതുകൊണ്ടുതന്നെ 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകർക്കാണ് ഇതുവരെ ധനസഹായം അനുവദിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി പുതിയ അപേക്ഷകളിലെ അർഹരായവർക്ക് ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ